(ബി) ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് പുറപ്പെടുവിക്കുമെന്നറിയിക്കാമോ;

(ഡി) കാർഷിക ഗാർഹിക കണക്ഷനുകൾക്ക് മിനിമം ഗ്യാരണ്ടി വ്യവസ്ഥ നിർത്തലാക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നില്ല.

(ബി,സി) പ്രസക്തമല്ല.

(ഡി) ഉണ്ട്.

മഞ്ചേരി മണ്ഡലത്തിലെ ശബരി സ്റ്റോറുകൾ

61 [2050] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ശബരി സ്റ്റോറുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സാധനങ്ങളാണ് ഈ സ്റ്റോറുകൾവഴി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(സി) മഞ്ചേരി മണ്ഡലത്തിൽ ഇത്തരത്തിലുള്ള സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശബരി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ബി) മാവേലി സാധനങ്ങൾ സപ്ലൈകോയുടെ ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ, അതിവേഗം വിറ്റഴിയുന്ന മറ്റ് ഉപഭോക്തൃ ഉൽപ്പന്നങ്ങൾ (എഫ്.എം.സി.ജി.) എന്നിവ ശബരി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) മഞ്ചേരി നിയോജകമണ്ഡലത്തിൽ അഴിക്കോട്, ഉറുങ്ങാട്ടിരി, പൂക്കളത്തൂർ, പുൽപ്പറ്റ, മൂർക്കനാട് എന്നീ സ്ഥലങ്ങളിലുള്ള 7 റേഷൻ കടകൾ ശബരി സ്റ്റോറായി തെരഞ്ഞെടുത്തിട്ടുണ്ട്.

സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾ

62 [2051] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള റേഷൻ കാർഡ് ഉടമകൾ എത്രയാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് അർഹതപ്പെട്ട റേഷൻ കാർഡ് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly